പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4417 — 17.5.2017 ൽ മറുപടിയ്ക്ക്

# മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും പെൻഷനും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മോൻസ് ജോസഫ് | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും കുടുംബ ക്ഷേമവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും പെൻഷനും നിഷേധിക്കുന്നതായുള്ള പരാതി പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) ഒന്നുമുതൽ എട്ടാം ക്ലാസ്സുവരെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന മാനസിക വൈകല്യമുള്ള കുട്ടികൾക്ക് 2016-17 വർഷം വരെ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾ ഉൾപ്പെടെയുള്ള എല്ലാ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കും (ഒന്നാം ക്ലാസ്സുമുതൽ പി.ജി കോഴ്സ് വരെയുള്ള Govt./Aided സ്കൂൾ/കോളേജ് പഠിക്കുന്ന) സാമൂഹ്യനീതി വകുപ്പ് മുഖേന സ്കോളർഷിപ്പ് നൽകി വരുന്നു. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നിഷേധിക്കുന്നതായുള്ള പരാതികളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് പെൻഷൻ നൽകുന്ന പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല. |
| (ബി) മാനസിക വെല്ലുവിളികൾ ഉള്ള കുട്ടികൾക്ക് സർട്ടിഫിക്കറ്റിൽ 60% വൈകല്യം ഉണ്ടെങ്കിലും താത്കാലിക സർട്ടിഫിക്കറ്റ് നൽകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;<br>(സി) പെർമനന്റ് ഡിസ്എബിലിറ്റി എന്ന് സർട്ടിഫിക്കറ്റിൽ ചേർക്കാത്തതുമൂലം കുട്ടികളും രക്ഷിതാക്കളും ആനുകൂല്യങ്ങൾ നേടുന്നതിന് പ്രയാസം അനുഭവിക്കുന്നത് പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കാമോ; | (ബി) & (സി) 30.6.2012 ലെ ജി.ഒ(പി) നം.39/2012/സാ.നീ.വ ഉത്തരവ് പ്രകാരം പെർമനന്റ് ഡിസെബിലിറ്റി എന്നും ടെംപററി ഡിസെബിലിറ്റി എന്നും സർട്ടിഫിക്കറ്റിൽ ചേർക്കുന്നത് വ്യക്തികളിലെ വൈകല്യങ്ങളുടെതോത [illegible] പരിഹരിക്കാൻ കഴിയാത്ത വിധം ശാശ്വതമായ വൈകല്യങ്ങൾക്കുമാണ്. ഡിസെബിലിറ്റി സംബന്ധമായ തർക്കങ്ങൾ പരിഹരിക്കുന്നതിന് മെഡിക്കൽ കോളേജ് സൂപ്രണ്ട് ചെയർമാനായ അപ്പലേറ്റ് മെഡിക്കൽ ബോർഡ് രൂപീകരിച്ചിട്ടുണ്ട്. പരാതിക്കാർക്ക് മേൽപ്പറഞ്ഞ ബോർഡിൽ അപ്പീൽ സമർപ്പിക്കാൻ സാധിക്കുന്നതാണ്. |

| | |
|---|---|
| (ഡി) കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാനസിക വൈകല്യം നേരിടുന്ന കുട്ടികളുടെ പെൻഷനും ചികിത്സാ ആനുകൂല്യങ്ങളും നിഷേധിക്കുന്നതായുള്ള പരാതി പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; പെൻഷൻ അനുവദിക്കുന്നതിന് വാർഷിക വരുമാനം എത്ര രൂപയായാണ് നിജപ്പെടുത്തി യിരിക്കുന്നത്? | (ഡി) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഭിന്നശേഷിക്കാരായ അംഗപരിമിതരായവർക്ക് ചികിത്സാ ധനസഹായമായി പരമാവധി 5000/- രൂപ വരെ അനുവദിച്ചു വരുന്നുണ്ട്. വികലാംഗ ദുരിതാശ്വാസ കോർപ്പസ് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുകയുടെ പലിശ ഉപയോഗിച്ചാണ് ധന സഹായം അനുവദിക്കുന്നത്. അപേക്ഷകരുടെ എണ്ണം കൂടുതലും ലഭ്യമാകുന്ന പലിശ തുക കുറവുമായതിനാൽ മുഴുവൻ അപേക്ഷകർക്കും സമയപരിധിയ്ക്കുള്ളിൽ ധനസഹായം നൽകാൻ കഴിയാറില്ല. മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് പെൻഷൻ നൽകുന്ന പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല. |

സെക്ഷൻ ഓഫീസർ